


ബ്ര. സിനോജ് ഇരട്ടക്കാലയിൽ

യേശു ആരാണെന്നും യേശുവിന്റെ ദൗത്യമെന്താണെന്നും ഈ ലോകത്തിന് വെളിപ്പെടുത്തുന്ന വ്യക്തികളെയും സംഭവങ്ങളെയും പ്രത്യേകമായി ധ്യാനിക്കുന്ന ദനഹാക്കാലത്തിന്റെ മൂന്നാം ഞായറിൽ യേശുവിനെക്കുറിച്ചുള്ള സ്നാപക യോഹന്നാന്റെ സാക്ഷ്യമാണ് വായിച്ചു കേട്ട വചനഭാഗം.

“ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.” സ്നാപക യോഹന്നാന്റെ അധരങ്ങളിൽ നിന്നും ലോകം ശ്രവിക്കുന്ന സാക്ഷ്യവചനമാണിത്. കാലദേശാന്തരങ്ങൾക്കുപരിയായി ഏവരോടും സ്നാപകൻ പ്രഖ്യാപിക്കുകയാണ് - യേശുവാണ് നമ്മുടെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

യഹൂദർക്കിടയിലുണ്ടായിരുന്ന പാപപ്പരിഹാരത്തിന്റെ വലിയ ദിനത്തിൽ പുരോഹിതൻ ജനങ്ങളുടെ മുഴുവൻ പാപവും ഒരു കുഞ്ഞാടിന്റെ ചുമലിൽ കൈവച്ച് ആവസിപ്പിച്ച് മരുഭൂമിയിലേക്ക് കൊല്ലപ്പെടാനായി ഓടിച്ച് വിട്ടിരുന്നു. ഈ പരിഹാരബലിയിലൂടെ തങ്ങളുടെ പാപങ്ങൾ മായ്ച്ച് കളയപ്പെടും എന്നതായിരുന്നു പഴയനിയമ വിശ്വാസം. മനുഷ്യവംശത്തിന്റെ പാപമോചനത്തിനും സമാഗരക്ഷയ്ക്കുമായി പുതിയ നിയമത്തിലെ പരിഹാരക്കുഞ്ഞാടായ, ലോകം മുഴുവന്റെയും പാപങ്ങളേറ്റെടുത്ത് കുരിശിൽ മരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായെക്കുറിച്ചാണ് സ്നാപകൻ ഇവിടെ ലോകത്തിന് സാക്ഷ്യം നല്കുന്നത്.

“ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്ന സ്നാപകന്റെ പ്രഖ്യാപനം അതു ശ്രവിക്കുന്ന ഏവർക്കും ഒരു ക്ഷണം നൽകുന്നുണ്ട്. ഈ കുഞ്ഞാടിനെ അനുഗമിക്കാൻ, ഈ കുഞ്ഞാടിന്റെ ബലിവഴി രക്ഷിതരാകാൻ, ഈ കുഞ്ഞാടിന്റെ രക്തത്തിൽ പാപ

ത്തിന്റെ കറ കഴുകിക്കളഞ്ഞ് ശുദ്ധി വരുത്താൻ, ഈ കുഞ്ഞാടിനൊപ്പം ചേർന്ന് ജീവിതത്തിൽ വിജയവും മഹത്വവും ആസ്വദിക്കാൻ. ഇതിനുള്ള ക്ഷണമാണ് തന്റെ സാക്ഷ്യത്തിലൂടെ സ്നാപകൻ ഇന്ന് നമുക്കോരോരുത്തർക്കും നൽകുന്നത്.

തന്റെ ജീവിതസാക്ഷ്യത്തിലൂടെ മിശിഹായിലേക്ക് നമുക്കൊരു ക്ഷണം നല്കുന്ന ഈ സ്നാപകന്റെ ഹൃദയം എന്നും എപ്പോഴും മിശിഹായ്ക്കായി ജ്വലിച്ചിരുന്നു. അതുവഴി അവൻ ദർശിച്ച സത്യത്തിനും അനുഭവിച്ച ദൈവീകതയ്ക്കും സ്വന്തം ജീവിതം കൊണ്ട് സാക്ഷ്യം നല്കുകയും ചെയ്തിരുന്നു. ക്രൈസ്തവ ജീവിതം അല്ലെങ്കിൽ ക്രിസ്തുശിഷ്യത്വം നമ്മിൽനിന്ന് ആവശ്യപ്പെടുന്നതും മറ്റൊന്നുമല്ല - സ്വജീവിതം കൊണ്ട് ഈ ലോകത്തിൽ ദൈവസ്നേഹത്തിനും ദൈവസാന്നിധ്യത്തിനും ദൈവപരിപാലനയ്ക്കുമൊക്കെ സാക്ഷികളാകുക എന്നതുതന്നെ. അതിന് ഹൃദയത്തിൽ യേശു അനുഭവവും അവിടുത്തോടുള്ള സ്നേഹവും നിറയണം. മിശിഹായെ സ്നേഹിക്കാതെയും അവിടുത്തെ സാക്ഷ്യപ്പെടുത്താതെയും കടന്നുപോകുന്ന ക്രിസ്ത്യാനി എത്രയോ ദുർഭഗനാണെന്ന് വിശുദ്ധ ഡൊമിനിക് സാവിയോ ചോദിക്കുന്നുണ്ട്.

ആഴമേറിയ ദൈവാനുഭവത്തിൽ നിന്നും ദൈവഭയത്തിൽ നിന്നും ദൈവാശ്രയബോധത്തിൽ നിന്നുമൊക്കെ ഉരിത്തിരിയുന്ന ഈ സാക്ഷ്യജീവിതം യാഥാർത്ഥ്യമാകാൻ ഞാനും നിങ്ങളുമൊക്കെ ജീവിതത്തിൽ ഈശോയെ അടുത്തറിയേണ്ടതുണ്ട്. അവന്റെ പരിപാലനയുടെ വഴികളെ ആഴത്തിൽ അനുഭവിച്ചറിയേണ്ടതുണ്ട്. അതിനുവേണ്ടി ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ ഈ കുഞ്ഞാട് എനിക്ക് ആരാണെന്ന ചോദ്യം ഇന്ന് നമുക്ക് നമ്മളോട് തന്നെ ചോദിക്കാം.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാട് നമുക്കുവേണ്ടി അധ്വാനിക്കുന്ന, നമുക്ക് വേണ്ടി തങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ബലികഴിക്കുന്ന മാതാപിതാക്കളിലൂടെയും അധികാരികളിലൂടെയും നമ്മുടെ അപ്പനും അമ്മയും അധികാരിയുമാകാം. സ്നേഹിക്കാനും മനസിലാക്കാനും വിശ്വസിക്കാനും പ്രോത്സാഹിപ്പിക്കാനുമൊക്കെ തയ്യാറാകുന്ന സുഹൃത്തുക്കളിലൂടെയും കൂടപ്പിറപ്പുകളിലൂടെയും അവിടുന്ന് നമുക്കിന്ന് നമ്മുടെ നല്ലൊരു സുഹൃത്തും കൂടെപ്പിറപ്പുമാകാം. എല്ലാം അവസാനിച്ചു എന്ന് തോന്നിയിടത്തു നിന്ന് അത്ഭുതകരമായി ഇടപെട്ട് ഇന്ന് ഇവിടെവരെ എത്തിച്ച, ഇവിടെ വരെ കൈപിടിച്ചുയർത്തിയ രക്ഷകനാകാം. പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും രോഗങ്ങളിലും നഷ്ടങ്ങളിലും വിവിധ വ്യക്തികളിലൂടെയും സാഹചര്യങ്ങളിലൂടെയും ഇടപെട്ടിട്ടുള്ളവനും ഇടപെടുന്നവനുമാകാം. എനിക്കു വേണ്ടി എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന സർവ്വശക്തനുമാകാം.

നമുക്കിന്ന് തിരിച്ചറിയാം. തിരിച്ചറിയുന്ന ഈ ദൈവശക്തിയെ, ദൈവകാരുണ്യത്തെ നമ്മുടെ ജീവിതം കൊണ്ട് നാം സാക്ഷ്യപ്പെടുത്തണം. അനുഭവിക്കുന്ന ദൈവസാന്നിധ്യവും ദൈവീക ഇടപെടലുകളും നമ്മുടെ വിശ്വാസ ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹ ജീവിതത്തിലും അങ്ങനെ പ്രതിഫലിക്കട്ടെ. ആത്മീയകൃത്യങ്ങളോടുള്ള നിഷ്ഠയും ദൈവീക കാര്യങ്ങളിലുള്ള താൽപര്യവും വിശുദ്ധ കുർബാനയർപ്പണങ്ങളിലും കുടുംബപ്രാർത്ഥനകളിലും ഇടവക സംഘടനാപ്രവർത്തനങ്ങളിലുമുള്ള സജീവ പങ്കാളിത്തവും അനുഭവിക്കുന്ന ദൈവസ്നേഹത്തോടുള്ള നമ്മുടെ വ്യക്തിപരമായ പ്രത്യുത്തരമാകുകയും ചെയ്യട്ടെ. അതിനായി സ്നേഹത്തിന്റെയും ക്ഷമയുടെയും സഹായത്തിന്റെയും അധ്വാനത്തിന്റെയുമൊക്കെ നന്മൾ നമ്മുടെ ജീവിതത്തിൽ വ്യക്തമാക്കുകയും ചെയ്യാം.

ഇത്തരത്തിലുള്ള ഒരു സാക്ഷ്യജീവിതമാണ് നിങ്ങൾക്കും എനിക്കും ഈ ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്താനുള്ള വഴി. ഈ ഭൂമിയിലുള്ള ചുരുങ്ങിയ നാളുകളിൽ ദൈവത്തെ മഹത്വപ്പെടുത്തി അന്തിമലക്ഷ്യമായ സ്വർഗ്ഗപ്രാപ്തിയിലേക്ക് എത്തിനിൽക്കാനുള്ള ഏക വഴി. അതുകൊണ്ട്, ഈ ഭൂമിയിലെ ഒരേയൊരു ജീവിതം അത് ദൈവത്തിന് സാക്ഷ്യം നൽകിക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി പൂർത്തിയാക്കാൻ നമുക്ക് ആഗ്രഹിക്കുകയും സ്നാപകന്റെ ജീവിത മാതൃകയുൾക്കൊണ്ട് അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം. ◆